# Desabhimani
# 31 August 2018
# Kochi, After Flood, Cleaning

## ശുചീകരണത്തിന് നിർമാണ തൊഴിലാളികളും

**കൊച്ചി**

എറണാകുളം ജില്ലാ കെട്ടിട നിർമാണ തൊഴിലാളി യൂണിയന്റെ (സിഐടിയു) നേതൃത്വത്തിൽ 565 വളന്റിയർമാർ ജില്ലയിലെ വിവിധ പ്രദേശങ്ങൾ ശുചീകരിച്ചു. കളമശേരി, കടമക്കുടി, കോതാട്, ചേന്നൂർ, കരുമാല്ലൂർ, മുപ്പത്തടം, ഏലൂർ എന്നിവിടങ്ങളിലെ വീടുകൾ, അങ്കണവാടികൾ, ആശുപത്രികൾ, വായനശാലകൾ, വൃദ്ധസദനങ്ങൾ, റോഡുകൾ എന്നിവ വൃത്തിയാക്കി. ശുചീകരണത്തിന്റെ ഉദ്ഘാടനം സിഐടിയു ജില്ലാ സെക്രട്ടറി സി കെ മണിശങ്കർ നിർവഹിച്ചു.

അഞ്ച് ദിവസത്തെ ശുചീകരണ പ്രവർത്തനങ്ങളുടെ സമാപനദിവസത്തെ ഉദ്ഘാടനം സിഐടിയു അഖിലേന്ത്യാ സെക്രട്ടറി കെ ചന്ദ്രൻ പിള്ളയും നിർവഹിച്ചു. യൂണിയൻ ജനറൽ സെക്രട്ടറി സി കെ പരീത്, ട്രഷറർ കെ എസ് രാധാകൃഷ്ണൻ, നേതാക്കളായ എം കെ അബി, കെ ആർ ബാബു, പി ആർ സത്യൻ, കെ എ ജയരാജ്, മനോജ്, കെ എം വിനോദ് എന്നിവർ നേതൃത്വം നൽകി.



ശാസ്ത്ര സാഹിത്യ പരിഷത്ത് പ്രവർത്തകരുടെ നേതൃത്വത്തിൽ പറവൂർ കരിമ്പാടം ഡിഡിഎസ് ഹൈസ്കൂൾ ശുചീകരിക്കുന്നു